**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 985** **06-02-2023 - ൽ മറുപടിയ്ക്ക്**

**ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ അയ്യല്ലൂർ മേഖലയിലെ ജനവാസ കേന്ദ്രത്തിൽ പുലി ഇറങ്ങിയതുമായി ബന്ധപ്പെട്ട് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | 20.12.2022-ന് രാവിലെ മട്ടന്നൂർ മണ്ഡലത്തിലെ അയ്യല്ലൂർ മേഖലയിലെ ജനവാസകേന്ദ്രത്തിൽ പുലിയെ കണ്ടതായി അറിയിച്ചതിനെത്തുടർന്ന് വനം വകുപ്പുദ്യോഗസ്ഥർ സ്ഥലത്തെത്തി നിരീക്ഷണത്തിനായി ക്യാമറകൾ സ്ഥാപിക്കുകയും ടി പ്രദേശത്തും ശിവപുരം, ഇടവേലിക്കൽ, ഇല്ലംമൂല, പരിയാരം, വെമ്പടി എന്നിവിടങ്ങളിൽ ഉൾപ്പെടെ പട്രോളിങ്ങ് നടത്തുകയും ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. തുടർന്ന് പരിശോധനയ്ക്കായി സ്ഥാപിച്ച ക്യാമറയിൽ 21.12.2022-ന് പുലിയുടെ ദൃശ്യം ലഭ്യമായതിനെ തുടർന്ന് പട്രോളിങ്ങ് ശക്തമാക്കി. 2022 ഡിസംബർ 21 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ ടി മേഖലകളിൽ രാത്രികാലം ഉൾപ്പെടെ പട്രോളിങ്ങ് നടത്തുകയും സ്ഥാപിച്ച ക്യമറകൾ പരിശോധിക്കുകയും ചെയ്തു. എന്നാൽ പിന്നീട് പുലിയുടെ സാന്നിദ്ധ്യം ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | പുലിയെ പിടികൂടുന്നതിന് ആവശ്യമായ കൂട് ഉൾപ്പെടെ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പുലിയെ പിടികൂടുന്നതിന് കൂട് സ്ഥാപിക്കുന്നതിന് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ (NTCA) മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള അനുമതിക്കായി നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും പിന്നീട് ആ ഭാഗത്ത് പുലിയുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല |
| (സി) | മേഖലയിലെ ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | പുലിയെ കണ്ടെത്തിയ അയ്യല്ലൂർ ഭാഗത്തേക്ക് കൊട്ടിയൂർ റെയിഞ്ചിലെ തൊട്ടടുത്ത വനത്തിലേക്ക് (തോലമ്പ്ര വി.എഫ്.സി നമ്പർ 71) 9 കി.മീറ്ററും ആറളം വന്യജീവി സങ്കേതത്തിലേക്ക് 21 കിലോമീറ്ററും ദൂരമുണ്ട്. ടി വനഭാഗങ്ങളിൽ നിന്നും പുലി കടന്നുവന്നതായി റിപ്പോർട്ടുകളൊന്നും ഇല്ല. |

| | | | |
|---|---|---|---|
| | | | കണ്ണൂർ വനം ഡിവിഷനിൽ കൊട്ടിയൂർ റെയിഞ്ചിന്റെ പരിധിയിലെ വെണ്ടേക്കുംചാൽ, തില്ലങ്കേരി ഭാഗങ്ങളിൽ പുലിയുടെ സാന്നിദ്ധ്യം പുതുതായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ടി പ്രദേശങ്ങളിൽ വനം വകുപ്പ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ടി മേഖലയിൽ ആർ.ആർ.റ്റി-യും കൊട്ടിയൂർ റെയിഞ്ച് ഫീൽഡ് സ്റ്റാഫും അതീവ ജാഗ്രത പുലർത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ